ഫയലിംഗ് സിസ്റ്റം

* ൭൫൯. (൯൭) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെപറയുന്ന ചോദ്യങ്ങൾക്ക് റജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് ചാർജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) സബ്-റജിസ്ട്രാർ കച്ചേരിയിൽ ഫയലിംഗ് സിസ്റ്റം ഏർപ്പെടുത്തണമെന്ന് ഒരു നിർദ്ദേശം ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിർദ്ദേശം ആരും നൽകിയതു് എന്നു പറയുവാൻ മയവുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഉണ്ടു്.

(ബി) റീ ഓർഗനൈസേഷൻ കമ്മിറ്റി.

ഫയലിംഗ് സിസ്റ്റം

* ൭൫൦. (൯൬) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു് റജിസ്ട്രേഷൻ ഡിപ്പാർട്ടുമെണ്ടിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

ഫയലിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതുകൊണ്ടു് ഉണ്ടാകാവുന്ന ദോഷഫലങ്ങളെപ്പറ്റി—സാധാരണ ജനങ്ങൾക്കുണ്ടാകാവുന്ന ദോഷങ്ങളെപ്പറ്റി ഗവർമ്മെണ്ടു് ആലോചിച്ചിട്ടുണ്ടോ എന്നു പറയുവാൻ മയവുണ്ടാകുമോ.—

ശ്രീ. എൻ. കുഞ്ഞുരാമൻ:

ആ നിർദ്ദേശം പരിശോധിച്ചു ഗവൺമ്മെണ്ടിലേക്കു് റിപ്പോർട്ടു് സമർപ്പിക്കാൻ ഡയറക്ടരോടു് ആവശ്യപ്പെട്ടിരിക്കയാണു്.

വ്യവസായദേശവൽക്കരണം

*൭൫൭. (൯൯) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

വ്യവസായ ദേശവൽക്കരണം സംബന്ധിച്ചു് ഗവൺമ്മെണ്ടിനു എന്തെങ്കിലും ഒരു പദ്ധതിയുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ:

ഉണ്ടു്.

പമ്പാറിവർ ഫാക്ടറി

* ൭൫൨. (൫൭) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പമ്പാറിവർ ഫാക്ടറിയിൽ ഷുഗർ ഫാക്ടറിയിൽ ആണ്ടിൽ എത്ര ദിവസം ജോലിയുണ്ടെന്നു് പറയാമോ;

(ബി) ആ ഫാക്ടറിയിലെ ജോലിക്കാക്കു് ബാക്കിദിവസം എന്തെങ്കിലും അലവൻസു കൊടുക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലയിസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ)

(എ) ഉദ്ദേശം മൂന്നു മാസം.

(ബി) ഇപ്പോൾ ഒന്നും നൽകിവരുന്നില്ല. എന്നാൽ ഈ കാര്യം അഡ്ജൂഡിക്കേഷനു വെച്ചിട്ടുണ്ടു്.

INDUSTRIAL INSTITUTIONS

*723. [52] **Sri. V. K. Varghese:** Will the Honourable Minister for Industries be pleased to state:—

(*a*) whether this Government is negotiating with the French Government or with any French Company for starting any industrial institutions in this State;

(*b*) if so, the nature of that institution and the details connected with that?

LIBRARY ARCHIVES Kerala Legislative Assembly